ഓഗസ്റ്റ്, സെപ്റ്റംബർ

# നിറവ്

എച്ച് എസ് കുത്തനൂർ

വാർത്താപത്രം

## ഉപഗ്രഹങ്ങളെ കുറിച്ച് പഠന ക്ലാസ്



സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നടത്തി പരിപാടിയിൽ ജോസ് ഡാനിയൽ സാർ ഉപഗ്രഹങ്ങളെ പറ്റിയും ഐ സ് ആർ ഒ വിലെ പ്രവർത്തനങ്ങളെ പറ്റിയും ക്ലാസെടുത്തു എച്ച് എം,പി .ടി .എ മെമ്പർമാർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു



തുമ്പയിലെ ആദ്യ റോക്കറ്റ് വിക്ഷേപണത്തിൽ നിന്ന് ചന്ദ്രയാൻ-2 വിക്ഷേപണത്തിലെത്തിയപ്പോളുണ്ടായ മാറ്റങ്ങൾ ശാസ്ത്രരംഗത്ത് നമ്മുടെ രാഷ്ട്രം നേടിയ അദ്ഭുതാവഹമായനേട്ടമാണ് കാണിക്കുന്നതെന്ന് ഡാനിയൽ സാർ പറഞ്ഞു .ശാസ്ത്രരംഗത്തിൽ തങ്ങൾക്ക് വലിയ അറിവാണ് ഈക്ലാസ്സിൽ നിന്ന് ലഭിച്ചതെന്ന് കുട്ടികൾ പറഞ്ഞു

## ഹിരോഷിമദിനാചരണം




ഹിരോഷിമദുരന്തത്തെ അനുസ്മരിച്ച് ഓഗസ്റ്റ് ആറിന് വിവിധപരിപാടികൾ സംഘടിപ്പിച്ചു .യുദ്ധവിരുദ്ധറാലി നടത്തി.പോസ്റ്റർ നിർമ്മാണ മത്സരം നടത്തുകയും വിജയികൾക്ക് സമ്മാനം നല്കുകയും ചെയ്തു.

## പഠനമികവിന് അംഗീകാരമായി -സ്റ്റാർ ഓഫ് ദി മന്ദ്



ഒരോ ഡിവിഷനിലും മാസാന്ത്യപരീക്ഷയിൽ മികച്ച മാർക്ക് നേടുന്ന കുട്ടികൾക്ക് സ്റ്റാർ ഓഫ് ദി മന്ദ്എന്ന ബേഡ്ജ് നൽകി അനുമോദിച്ചു.പ്രിൻസിപ്പൾ, എച്ച് എം,മാനേജർ,പി ടി എ മെമ്പർമാർ എന്നിവർ പങ്കെടുത്തു.കുട്ടികളിൽ പഠനത്തിലുള്ള മത്സരബുദ്ധിവർദ്ധിപ്പിക്കാൻ ഈ പരിപാടി ഉപകരിക്കുമെന്ന് പി ടി എ പ്രസിഡന്റ് പറഞ്ഞു ,

## സ്വാതന്ത്ര്യദിനാചരണം



എഴുപത്തിരണ്ടാമത് സ്വാതന്ത്ര്യദിനം വിവിധ പരിപാടികളോടെ സമുചിതമായി ആഘോഷിച്ചു. പരിപാടിയിൽ എച്ച് എം സ്വാഗതം പറഞ്ഞു.മാനേജർ പി ടി എ മെമ്പർമാർ , അധ്യാപകർ, എന്നിവർ സ്വാതന്ത്ര്യദിന സന്ദേശം നൽകി.മധുരപലഹാരങ്ങൾ വിതരണം ചെയ്തു.എസ് എസ്എൽ സി,പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയംനേടിയ കുട്ടികൾക്ക് സന്ധ്യടീച്ചർ ഉപഹാരങ്ങൾ നൽകി അനുമോദിച്ചു.വവിവിധ കലാ പരിപാടികൾ സംഘടിപ്പിച്ചു.

## ദുരിതത്തിനൊരുകൈതാങ്ങ്




,

പ്രളയകെടുത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് സഹായമായി കുട്ടികൾ പ്രവർത്തിച്ചു സ്കൂളിലെ സ്കൗട്ട് ആന്റ് ഗൈഡ്,ജെ ആർ സി, നല്ലപാഠം, എന്നീ യൂണിറ്റിലെ കുട്ടികളുടെ നേതൃത്വത്തിൽ ഭക്ഷ്യവസ്തുക്കളും പഠനോപകരണങ്ങളും ശേഖരിച്ച് ക്യാമ്പുകളിൽ എത്തിച്ചു.അതാത് യൂണിറ്റിലെ അധ്യാപകർ കുട്ടികളുടെ പ്രവർത്തനത്തിന് വേണ്ട നിർദ്ദേശങ്ങൾ നൽകി,

# കുട്ടികളിൽ ആവേശമുണർത്തി ഓണാഘോഷം



സെപ്റ്റംബർ രണ്ടിന് വിവിധ പരിപാടി കളോടെ ഓണാഘോഷം നടത്തി. ഡിവിഷനടിസ്ഥാനത്തിൽ പൂക്കളമത്സരം നടത്തി.അങ്ങാടിപ്പൂക്കളില്ലെങ്കിലും കുട്ടി കൾ തീർത്തപൂക്കളങ്ങൾ മനോഹരവും തനിമയുള്ളതുമായിരുന്നു.കുട്ടികളിൽ ആവേശമുണർത്തിയ വിവിധ പരിപാടി കൾക്ക് ശേഷം വിഭവസമൃദ്ധമായ സദ്യ യും ഉണ്ടായിരുന്നു.

